LIBRARY ARCHIVES Kerala Legislative Assembly

1. തെങ്കര ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയിൽ തത്തേങ്ങലത്തു ഇടത് കര പാർശ്വഭിത്തി നിർമാണം 2. കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയുടെ വലതുകര തരിശ്ശിൽ പാർശ്വഭിത്തി നിർമ്മാണം 3. മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ പരിധിയിൽ കുന്തിപ്പുഴയിൽ പോത്തോഴിക്കാവ് തടയണയ്ക്ക് താഴെ ഇടത് കര പാർശ്വഭിത്തി നിർമാണം

വടക്കാഞ്ചേരിപുഴ സംരക്ഷണം

166 (472) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച വടക്കാഞ്ചേരിപുഴ സംരക്ഷണ പദ്ധതിയുടെ നടത്തിപ്പ് പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) 2017-ൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അംഗീകാരം നേടുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി തുടർ പരിശോധന നടത്തി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമോയെന്ന് അറിയിക്കുമോ?

(എ-സി) കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച വടക്കാഞ്ചേരി പുഴ സംരക്ഷിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ (കീഴ്ത്തണ്ടിലം, മുട്ടിക്കൽ ആറ്റത്തറ) പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും IDRB-യിൽ നിന്നും ലഭ്യമായ രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 14-2-2021-ലെ G.O.(Rt) No.81/2021/WRD പ്രകാരം 26.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആറാട്ടുപുഴ പഞ്ചായത്തിലെ വെള്ളക്കെട്ട്

167 (473) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ കിളിമുക്ക് കടവത്ത് പാലത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേലിയേറ്റ സമയങ്ങളിൽ ചെളിയും മണ്ണും കയറുന്നത് കാരണം പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മുഖേന പ്രത്യേക പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കുമോ;